## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 698 02/12/2014-ൽ മറുപടിക്ക്

### ആദിവാസികൾക്കിടയിലെ ശിശുമരണങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ :<br>ശ്രീ. മുല്ലക്കര രത്നാകരൻ :<br>ശ്രീ. കെ. രാജു :<br>ശ്രീമതി. ഇ.എസ്. ബിജിമോൾ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ സംസ്ഥാനത്ത് ആദിവാസികൾക്കിടയിൽ എത്ര ശിശു മരണങ്ങളുണ്ടായി ; | (എ) | 2012- 44<br>2013- 94<br>2014- 20<br>158 |
| (ബി) | ഈ ശിശുമരണങ്ങൾ സംഭവിക്കാനിടയായ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു കൊണ്ടാണെന്നു വിശദമാക്കുമോ; | (ബി) | വിലയിരുത്തിയിട്ടുണ്ട്. ഗർഭിണിയായിരിക്കുമ്പോൾ മാതാക്കളുടെ പോഷകാഹാരക്കുറവ്മൂലം വേണ്ടത്ര വളർച്ചയില്ലാതെയും മാസം തികയാതെയും പ്രസവിച്ചതിനാലാണ് മരണം സംഭവിച്ചത്. |
| (സി) | ആദിവാസി വിഭാഗങ്ങളിൽപ്പെടുന്ന അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരക്കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികളെ കുറിച്ച് വിശദമാക്കുമോ? | (സി) | ഉണ്ട്.<br>സംസ്ഥാനത്ത് അട്ടപ്പാടി മേഖലയിൽ നിന്ന് മാത്രമാണ് ഇത്തരം റിപ്പോർട്ട് ലഭിച്ചിട്ടുള്ളത്. ആദിവാസി അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാര കുറവുള്ളതായി ശ്രദ്ധയിൽ വന്നതിനെ തുടർന്ന് അട്ടപ്പാടി മേഖലയിൽ 3 ന്യൂട്രിഷണൽ റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു. ഗുരുതരമായ പോഷകാഹാരകുറവുള്ള കുട്ടികളെ ഇവിടെ കിടത്തി ചികിൽസിക്കുന്നുണ്ട്. ഐ.സി.ഡി.എസ് അംഗൻവാടികൾ വഴി പ്രത്യേക ന്യൂട്രിഷൻ കിറ്റുകൾ വിതരണം ചെയ്യുന്നുണ്ട്. കേരളത്തിലെ എല്ലാ ആദിവാസികളായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി 'ജനനി ജന്മരക്ഷ' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം പ്രതിമാസം 1000 രൂപാ നിരക്കിൽ പരമാവധി 18 മാസം ടി തുകകൾ ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് മണിയോർഡറായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും അയച്ചുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | സാമൂഹ്യനീതിവകുപ്പിൻെറ 101 സാമൂഹ്യ അടുക്കളകൾ ഊരുകളിൽ സജീവമായി പ്രവർത്തിച്ചുവരുന്നു. സാമൂഹ്യനീതി വകുപ്പ് പോഷകാഹാരകുറവുള്ള കുട്ടികൾക്ക് അമൃതം ന്യൂട്രീമിക്സ് വിതരണം ചെയ്ത് വരുന്നുണ്ട്. വിവാഹിതരായ സ്ത്രീകൾക്കും ഗർഭിണികൾക്കും ഫോളിക് ആസിഡ് അയൺ ഗുളികകൾ എന്നിവ വിതരണം ചെയ്ത് വരുന്നു. കൗമാരക്കായ പെൺകുട്ടികൾക്ക് ശഫല കിറ്റുകൾ വിതരണം ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**